അടിസ്ഥാന സൗകര്യം ഇല്ലായ്മ എന്നീ വിവിധ കാരണങ്ങളാൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേരളത്തിൽ പത്ത് കമ്പനികൾ പൂട്ടേണ്ട സാഹചര്യം നിലവിൽ വന്നിട്ടുണ്ട്.

(ബി) കേരളത്തിൽ വിവിധ ജില്ലകളിലായി 85 അലോപ്പതി മരുന്നുനിർമ്മാണ കമ്പനികളും 14 ഹോമിയോപ്പതി മരുന്നുനിർമ്മാണ കമ്പനികളും പൊതുമേഖലയിൽ 3 (KSDP & HOMCO, ഔഷധി) ഔഷധ നിർമ്മാണ കമ്പനികളുമാണ് നിലവിലുള്ളത്. ഇതിൽ 10 കമ്പനികൾ മരുന്ന് കയറ്റുമതി ചെയ്യുന്നുണ്ട്.

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് സർക്കാർ ആശുപത്രികൾക്കാവശ്യമുള്ള മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന വാർഷിക ഇൻഡന്റിനനുസരിച്ചുള്ള മരുന്നുകൾ വാങ്ങുന്നത് ദേശീയതലത്തിൽ ക്ഷണിക്കുന്ന സുതാര്യമായ മൽസര ടെണ്ടറുകളിലൂടെയാണ്. പ്രസ്തുത ടെണ്ടറിൽ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ചെറുകിട മരുന്നുകമ്പനികൾക്ക് (State SSI Units) വിലയിന്മേൽ 10% പ്രിഫറൻസ് നൽകിവരുന്നു. കൂടാതെ കേരള സർക്കാർ ഉടമസ്ഥതയിലുള്ള കെ.എസ്.ഡി.പി. യിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ തന്നെ മരുന്നുകൾ വാങ്ങി സംഭരിച്ചുവരുന്നു.

ആൽബുമിൻ ക്ഷാമം

125 (4411) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻ രക്ഷാ ഔഷധമായ ആൽബുമിൻ ലഭിക്കാത്തതുമൂലം നിരവധി കരൾ രോഗികൾ വിവിധ ആശുപത്രികളിലായി ഗുരുതരാവസ്ഥയിൽ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആൽബുമിൻ സുലഭമായി ലഭ്യമാക്കാൻ നടപടിയെടുക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രധാന ആശുപത്രികളിലെല്ലാം ജീവൻരക്ഷാ ഔഷധമായ ആൽബുമിൻ ലഭ്യമാണ്.

(ബി) ആവശ്യകതയുടെയും ഉപഭോഗത്തിന്റെയും അടിസ്ഥാനത്തിൽ ആൽബുമിൻ ഐ.വി. ഇൻജക്ഷൻ 20% 100 മി. ഗ്രാമിനുള്ള ഓർഡർ നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള മരുന്നുകൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിക്കൊണ്ടിരിക്കുന്നു. അവ ആശുപത്രികൾക്ക് വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly